No. CEE/1122/3LLB-2021/TA3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## ത്രിവത്സര എൽ.എൽ.ബി കോഴ്സിലേയ്ക്കുള്ള പ്രവേശനം 2021 അപേക്ഷയിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള തീയതി ദീർഘിപ്പിച്ചു

2021 വർഷത്തെ ത്രിവത്സര എൽ.എൽ.ബി കോഴ്സിലേയ്ക്ക് ഓൺലൈൻ അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികളിൽ അപേക്ഷയിൽ ന്യൂനതകൾ സംബന്ധിച്ച് ഓൺലൈൻ പോർട്ടലിൽ മെമ്മോ ലഭിച്ചിട്ടുള്ളവർക്ക് അവ പരിഹരിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ/അനുബന്ധ രേഖകൾ എന്നിവ ഓൺലൈനായി അപ്‌ലോഡ് ചെയ്യുന്നതിനുള്ള സമയം 20.09.2021, വൈകിട്ട് 5.00 മണി വരെയായി ദീർഘിപ്പിച്ചിരിക്കുന്നു.

സാമുദായിക സംവരണം/പ്രത്യേക സംവരണം എന്നിവ സംബന്ധിച്ച് പോർട്ടലിൽ മെമ്മോ ലഭ്യമായിട്ടുള്ള വിദ്യാർത്ഥികൾ ആയത് തെളിയിക്കുന്നതിനുള്ള രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന **20.09.2021** വൈകിട്ട് **5.00** മണിയ്ക്കകം അപ്‌ലോഡ് ചെയ്യാത്ത പക്ഷം ആനുകൂല്യം റദ്ദാകുന്നതാണ്.

സംവരണാകൂല്യം പ്രൊഫൈലിൽ അനുവദിക്കുകയും, എന്നാൽ കേരളീയനാണെന്നു തെളിയിക്കുന്ന രേഖകൾ സമർപ്പിക്കാനുള്ള മെമ്മോ പോർട്ടലിൽ ലഭിച്ചതുമായ വിദ്യാർത്ഥികൾ, **20.09.2021** വൈകിട്ട് **5.00** മണിയ്ക്കകം സാധുവായ രേഖകൾ സമർപ്പിക്കാത്ത പക്ഷം അനുവദിച്ച സംവരണം റദ്ദാകുന്നതാണ്.

**ഹെൽപ്പ് ലൈൻ നമ്പർ: 0471–2525300**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
18.09.2021